# അക്കാദമിക
# മാസ്റ്റർപ്ലാൻ

2025-26

ഗവ: S D V J B S
ആലപ്പുഴ

# ഉള്ളടക്കം


1. ആമുഖം
2. ചരിത്രം
3. ലക്ഷ്യങ്ങൾ
4. വിദ്യാലയം- മികവിന്റെ കേന്ദ്രം- കാഴ്ചപ്പാട്
5. അവസ്ഥാവിശകലനം
6. അക്കാദമിക പ്രശ്നങ്ങൾ- വെല്ലുവിളികൾ
7. പദ്ധതിരൂപീകരണ പ്രക്രിയ
8. വിഷയമേഖല
9. ഉപസംഹാരം
10. അനുബന്ധം
    - ➤ സ്കെച്ചും പ്ലാനും
    - ➤ ലൊക്കേഷൻ സെകച്ച്
    - ➤ ഗൂഗിൾ മാപ്പ്
    - ➤ കുട്ടികളുടെ എണ്ണം- മുൻ വർഷങ്ങളിൽ
    - ➤ ഗ്രേഡിംഗ് ശതമാനം
    - ➤ സ്റ്റാഫ് ഡേറ്റ
    - ➤ നിലവിലുള്ള കമ്മറ്റികൾ

# ആമുഖം

പൊതുവിദ്യാഭ്യാസം എന്ന ആശയം തനതായ രീതിയിലൂടെ നടപ്പാക്കിയ സംസ്ഥാനമാണ് കേരളം. ദേശീയ വിദ്യാഭ്യാസം ലക്ഷ്യം വെയ്ക്കുന്ന സാർവ്വത്രികമായ വിദ്യാഭ്യാസം, ഗുണമേന്മ യുള്ള വിദ്യാഭ്യാസം ഇവ നേരത്തെ നാം കൈവരിച്ചിട്ടുണ്ട്. കേരളത്തിലെ മുഴുവൻ പൊതുവിദ്യാലയങ്ങളെയും ശക്തിപ്പെടുത്തുന്നതിൽ പൊതുസമൂഹം പങ്കാളികളാവുന്നത് നമുക്ക് അഭിമാനകരമാണ്. മികവിനെ ലക്ഷ്യമിട്ട് കേരളത്തിലെ മുഴുവൻ വിദ്യാഭ്യാസം മുന്നേറിക്കൊണ്ടിരിക്കുകയാണ്. വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുന്നതിനോടൊപ്പം ഗുണനിലവാരം, തുല്യഅവസരം, പങ്കാളിത്തം, ലിംഗസമത്വം ഇവയ്ക്കു കൂടി പ്രാധാന്യം നൽകണം. ഗുണമേന്മ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് സൃഷ്ടിക്കൽ, കുട്ടികളുടെ സർവ്വതോന്മുഖമായ വികാസത്തിനു വേണ്ട പഠനാന്തരീക്ഷം ഉറപ്പാക്കൽ, വിദ്യാലയ പ്രവർത്തനങ്ങൾക്ക് പിന്തുണയും ശ്രദ്ധയുമുറപ്പാക്കുന്നതിനുള്ള ജനകീയ സംവിധാനങ്ങൾ ഒരുക്കൽ ഇവയ്ക്ക് പ്രാധാന്യം നൽകണം.

വിദ്യാഭ്യാസ അവകാശനിയമത്തിന്റെ പശ്ചാത്തലത്തിൽ നിരന്തരം സമഗ്രവുമായ വിലയിരുത്തൽ ഉ്റപ്പുവരുത്തുന്ന രീതിയിൽ വിദ്യാഭ്യാസ പരിഷ്കരണം നടത്തേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി കുട്ടികൾക്ക് ആരോഗ്യം ചൂഷണത്തിൽ നിന്നുള്ള സംരക്ഷണം [ലിംഗം, വർഗ്ഗം, മതേതരഅവകാശങ്ങൾ] ഇവ അവരുടെ അവകാശമായി അംഗീകരിച്ചു കൊണ്ട് മുന്നോട്ട് പോകുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നതിന് ലക്ഷ്യമാക്കേണ്ടതുമാണ്.

കുട്ടികളുടെ കഴിവ് കേവലം വിഷയ പഠനത്തിലൊതുങ്ങാതെ സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്ന തരത്തിൽ സമഗ്രവികസനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങളാണ്

വേണ്ടത്. ഇതിനായി ഭൗതിക സാമൂഹിക സാംസ്കാരിക അക്കാദമിക സാഹചര്യം ഒരുക്കണം. ലക്ഷ്യം വളരെ വ്യക്തമാണ്. പൊതുവിദ്യാലയങ്ങൾ പൊതു സമൂഹത്തിന്റെ പിൻബലത്തോടെയും പിന്തുണയോടേയും അർത്ഥപൂർണ്ണമായ പങ്കാളിത്തത്തോടെയും മികവിന്റെ കേന്ദ്രങ്ങളായി മാറണം.

ഇതെല്ലാം നേടുന്നതിനുവേണ്ടി നമുക്ക് മുന്നോട്ട് വെയ്ക്കാവുന്നത് അക്കാദമിക മികവാണ്. കാരണം വരും തലമുറയെ ആധുനിക കാലഘട്ടത്തിലെ വെല്ലുവിളികളെ നേരിടുന്നതിനും തനതായ ജീവിതരീതികളിലൂടെ കഴിവുള്ളവരും പ്രാപ്തരുമാക്കി മാറ്റുന്നതിന് ഈ മികവ് സഹായകമാകും. അക്കാദമിക മികവ് കൈവരിക്കുന്നതിന്റെ ഭാഗമായി ഓരോ കുട്ടിയുടേയും കഴിവും അറിവും അതത് പ്രായഘട്ടത്തിനനുസരിച്ചും കരിക്കുലം വിഭാവനം ചെയ്ത രീതിയിലും ഏറ്റവും ഉയർന്ന തലത്തിലേയ്ക്ക് എത്തിക്കേണ്ടതുണ്ട്. ഇക്കാര്യങ്ങൾ ഉറപ്പാക്കാൻ എന്തെല്ലാം ചെയ്യണമെന്ന് കൃത്യമായി ആസുത്രണം ചെയ്യണം. ഈ അക്കാദമിക ആസൂത്രണത്തിന്റെ ഭാഗമായി മാത്രമേ കുട്ടികളുടെ പൊതുവായതും ഓരോ കുട്ടിയുടേയും സവിശേഷമായതുമായ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠനമുന്നേറ്റത്തിന് തുല്യമായ അവസരങ്ങൾ ഒരുക്കാൻ കഴിയൂ.

ഒരു സ്ഥാപനത്തിലെ മുഴുവൻ കുട്ടികളുടേയും അക്കാദമിക വളർച്ചയ്ക്ക് വേണ്ടി തയ്യാറാക്കുന്ന സമഗ്രമായ അക്കാദമിക മാസ്റ്റർപ്ലാൻ പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ സുപ്രധാനരേഖയാണ്. നാം നടപ്പാക്കണമെന്ന തീരുമാനിക്കുന്ന കാര്യങ്ങൾ സമയബന്ധിതമായി ക്രമപ്പെടുത്തുന്ന ഈ രേഖ നമ്മുടെ അക്കാദമിക നിലവാരം ഉയർത്തുമെന്നതിൽ സംശയമില്ല.

# ചരിത്രം

കിഴക്കിന്റെ വെനീസായ ആലപ്പുഴയ്ക്ക് തൊടുകുറിയായി നിൽക്കുന്ന എസ്. ഡി. വി. മാനേജ്മെന്റ് 1908 ൽ അടർത്തപ്പെട്ട താണ് ഈ ഗവ. എസ്. ഡി. വി. ജെ. ബി എസ്. ആലപ്പുഴ, എന്ന പ്രൈമറി വിദ്യാലയം. സനാതനം എന്ന് ഓമനപ്പേരിൽ അറിയപ്പെ ടുന്ന ഈ സ്കൂൾ അമ്പലപ്പുഴ താലൂക്കിൽ മുല്ലയ്ക്കൽ വില്ലേജിൽ കിടങ്ങാംപറമ്പ് വാർഡിൽ സ്ഥിതി ചെയ്യുന്നു.

മിസ്സിസ്സ് ആനി ബസന്റിന്റെ നേതൃത്വത്തിൽ സ്ഥാപിതമായ വിദ്യാലയശൃംഖലയുടെ ഭാഗമാണ് ഈ സരസ്വതീക്ഷേത്രം. പിന്നീട് ഈ വിദ്യാലയം ഗവൺമെന്റ് ഏറ്റെടുക്കുകയും ഇപ്പോൾ നിൽക്കുന്ന സ്ഥലത്തേയ്ക്ക് അഴിയിട്ട കെട്ടിടമായി മാറ്റി സ്ഥാപി ക്കുകയും സ്കൂൾ പൂർണ്ണമായി ഗവൺമെന്റ് അധീനതയിലാവു കയും ചെയ്തു. ഇന്ന് ഗവൺമെന്റ് നിയന്ത്രണത്തിൽ പ്രവർത്തി ക്കുന്ന പ്രീ-പ്രൈമറിയടക്കം അഞ്ചാം ക്ലാസ്സ് വരെയുള്ള ക്ലാസ്സു കൾ നടന്നു വരുന്നു. സാധാരണക്കാർക്ക് സർവ്വത്രികമായ വിദ്യാഭ്യാസം അപ്രാപ്യമായിരുന്ന കാലഘട്ടത്തിൽ സമൂഹത്തിലെ എല്ലാം വിഭാഗം ജനങ്ങൾക്കും വിദ്യാഭ്യാസം നൽകണമെന്ന നല്ല ലക്ഷ്യത്തോടെ തിയോസഫിക്കൽ സൊസൈറ്റിയുടെ നേതൃത്വ ത്തിൽ ആരംഭിച്ച ഈ വിദ്യാലയം നാനാജാതി മതസ്ഥരും സമൂ ഹത്തിലെ വിവിധ തട്ടിലുള്ളവരുമായവർക്ക് വലിയ ഒരു അനുഗ്ര ഹമായിരുന്നു.

സ്കൂളിനെ ഇന്ന് കാണുന്ന നിലയിലേയ്ക്ക് എത്തിച്ചതിൽ വിവിധ ഏജൻസികൾക്ക് പങ്കുണ്ട്. പടിഞ്ഞാറ് ഭാഗത്തുള്ള 10 മുറി കളുള്ള കെട്ടിടം, ഗവൺമെന്റിൽ നിന്നും കിഴക്കുഭാഗത്തും കെട്ടി ടത്തിന്റെ താഴത്തെ നില ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ശ്രീ.

വേണ്ടത്. ഇതിനായി ഭൗതിക സാമൂഹിക സാംസ്കാരിക അക്കാദമിക സാഹചര്യം ഒരുക്കണം. ലക്ഷ്യം വളരെ വ്യക്തമാണ്. പൊതുവിദ്യാലയങ്ങൾ പൊതു സമൂഹത്തിന്റെ പിൻബലത്തോടെയും പിന്തുണയോടേയും അർത്ഥപൂർണ്ണമായ പങ്കാളിത്തത്തോടെയും മികവിന്റെ കേന്ദ്രങ്ങളായി മാറണം.

ഇതെല്ലാം നേടുന്നതിനുവേണ്ടി നമുക്ക് മുന്നോട്ട് വെയ്ക്കാവുന്നത് അക്കാദമിക മികവാണ്. കാരണം വരും തലമുറയെ ആധുനിക കാലഘട്ടത്തിലെ വെല്ലുവിളികളെ നേരിടുന്നതിനും തനതായ ജീവിതരീതികളിലൂടെ കഴിവുള്ളവരും പ്രാപ്തരുമാക്കി മാറ്റുന്നതിന് ഈ മികവ് സഹായകമാകും. അക്കാദമിക മികവ് കൈവരിക്കുന്നതിന്റെ ഭാഗമായി ഓരോ കുട്ടിയുടേയും കഴിവും അറിവും അതത് പ്രായഘട്ടത്തിനനുസരിച്ചും കരിക്കുലം വിഭാവനം ചെയ്ത രീതിയിലും ഏറ്റവും ഉയർന്ന തലത്തിലേയ്ക്ക് എത്തിക്കേണ്ടതുണ്ട്. ഇക്കാര്യങ്ങൾ ഉറപ്പാക്കാൻ എന്തെല്ലാം ചെയ്യണമെന്ന് കൃത്യമായി ആസൂത്രണം ചെയ്യണം. ഈ അക്കാദമിക ആസൂത്രണത്തിന്റെ ഭാഗമായി മാത്രമേ കുട്ടികളുടെ പൊതുവായതും ഓരോ കുട്ടിയുടേയും സവിശേഷമായതുമായ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠനമുന്നേറ്റത്തിന് തുല്യമായ അവസരങ്ങൾ ഒരുക്കാൻ കഴിയൂ.

ഒരു സ്ഥാപനത്തിലെ മുഴുവൻ കുട്ടികളുടേയും അക്കാദമിക വളർച്ചയ്ക്ക് വേണ്ടി തയ്യാറാക്കുന്ന സമഗ്രമായ അക്കാദമിക മാസ്റ്റർപ്ലാൻ പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ സുപ്രധാനരേഖയാണ്. നാം നടപ്പാക്കണമെന്ന തീരുമാനിക്കുന്ന കാര്യങ്ങൾ സമയബന്ധിതമായി ക്രമപ്പെടുത്തുന്ന ഈ രേഖ നമ്മുടെ അക്കാദമിക നിലവാരം ഉയർത്തുമെന്നതിൽ സംശയമില്ല.

വിദ്യാലയത്തിൽ ഭിന്നശേഷിയുള്ള കുട്ടികൾക്ക് ആവശ്യമായ പരിഗണന നൽകുന്നു. ഭിന്നശേഷിയുള്ള കുട്ടികൾക്കുള്ള പരിഹാരബോധനക്ലാസ്സുകൾ എല്ലാം ശനിയാഴ്ചയും നടക്കുന്നു. CRC സെന്റർ എന്ന നിലയിൽ പ്രവർത്തിക്കുന്ന ഈ സ്കൂളിൽ CRC യുടെ ആഭിമുഖ്യത്തിൽ ക്യാമ്പുകൾ, അദ്ധ്യാപക പരിശീലനം workshop ഇവ നടക്കുന്നു. ശിശു സൗഹൃദ അന്തരീക്ഷത്തിൽ പ്രവർത്തിക്കുന്ന LKG UKG ക്ലാസ്സുകളിലായി 45 ലേറെ കുട്ടികൾ പഠിക്കുന്ന ഗവ. പ്രീ -പ്രൈമറി ഈ സ്കൂളിന്റെ മുതൽക്കൂട്ടാണ്.

## ലക്ഷ്യങ്ങൾ

- പ്രായത്തിനനുസരിച്ച് ആർജ്ജിക്കേണ്ട കഴിവുകൾ ഉറപ്പാക്കുക
- കുട്ടികളുടെ വൈജ്ഞാനിക വൈകാരിക സമൂഹ്യമേഖലകളിലെ സമഗ്രവികസം ഉറപ്പാക്കുക
- വ്യക്തിത്വവികാസവും സാമൂഹ്യസമായോജനയും ഉറപ്പാക്കൽ
- സ്വതന്ത്രജനാധിപത്യചിന്തയുള്ള ക്ലാസ്സ് ആന്തരീക്ഷം
- കുറഞ്ഞത് 3 ഭാഷയെങ്കിലും അനായാസമായി കൈകാര്യം ചെയ്യാൻ പ്രപ്തരാക്കുക
- പരന്ന വായനയിലൂടെ സാസ്കാരിക മുന്നേറ്റം
- കുട്ടികൾ ശാസ്ത്രാഭിരുചിയും അവബോധവും വളർത്തി കുട്ടി ശാസ്ത്രജ്ഞൻമാരെ സൃഷ്ടിക്കുക
- ഗണിത പഠനത്തിലൂടെ നേടേണ്ട ശേഷികൾ ഉറപ്പാക്കുക
- ഭാരതീയ സംസ്കാരം സംരക്ഷിക്കേണ്ടതാണെന്നും വരും തലമുറയ്ക്ക് കൈമാറേണ്ടതാണെന്നുമുള്ള ബോധം ഉറപ്പിക്കുക
- ഭിന്നശേഷിക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുക
- കലാപ്രവർത്തനത്തിലൂടെ സർഗ്ഗാത്മകത നിരീക്ഷണപാടവം വ്യതിരിക്ത ബുദ്ധി ഇവയെ വളർത്തുക
- ശാരീരിക മാനസിക വളർച്ചയ്ക്ക് ഉതകുന്ന കായിക പരിശീലനം
- അന്തർലീനമായ കഴിവുകളെ തിരിച്ചറിഞ്ഞു കൊണ്ടുള്ള തൊഴിൽ പരിശീലനം
- വ്യക്തിശുചിത്വവും സാമൂഹികശുചിത്വവും ഒരു സംസ്കാരമായി വളർത്തുക
- പഠനോപകരണനിർമ്മാണത്തിൽ നൂതനാശയങ്ങൾ, സർഗ്ഗാത്മകത എന്നിവ പ്രോത്സാഹിപ്പിക്കുക

- ❖ സവിശേഷ ശ്രദ്ധയും പരിചരണവും ആവശ്യമുള്ള കുട്ടികൾക്ക് അനുരൂപീകരണ പ്രവർത്തനങ്ങൾ.
- ❖ ജീവിത മൂല്യങ്ങൾ രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ
- ❖ ഓരോ കുട്ടിയും നേടേണ്ട അടിസ്ഥാന ആശയങ്ങൾ അതാത് ഘട്ടത്തിൽ നേടി എന്ന് ഉറപ്പുവരുത്തൽ.
- ❖ പാരിസ്ഥിതിക അവബോധത്തോടെ ജീവിക്കുവാനും വരും തലമുറയ്ക്ക് കൈമാറുന്നതിനും പരിസ്ഥിതിയെ കാത്ത് സൂക്ഷിക്കുന്നതിനുമുള്ള അവബോധം സൃഷ്ടിക്കൽ.
- ❖ വ്യക്തിത്വം, സാമൂഹിക ശുചിത്വം ഇവ പാലിക്കുന്നതിനും നിലനിറുത്തുന്നതിനുമുള്ള മനോഭാവം വളർത്തൽ.
- ❖ പൊതു വിദ്യാലയങ്ങൾ നാടിന്റെ സമ്പത്ത് എന്ന അവബോധം ജനമനസ്സിൽ രൂപപ്പെടുത്തുക.

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ഗവ. എസ്.ഡി.വി.ജെ.ബി.എസ്, ആലപ്പുഴ |
| വിലാസം | : | ജില്ലാകോർട്ട്വാർഡ്<br>മെയിൻ പോസ്റ്റോഫീസ്<br>ആലപ്പുഴ 688001 |
| സ്കൂൾ കോഡ് | : | 35205 |
| വിദ്യാഭ്യാസ ഉപജില്ല | : | ആലപ്പുഴ |
| റവന്യൂ ഉപജില്ല | : | ആലപ്പുഴ |
| ബി.ആർ.സി | : | ആലപ്പുഴ |
| സി.ആർസി | : | ഗവ. എസ്.ഡി.വി.ജെ.ബി.എസ്, ആലപ്പുഴ |
| മുനിസിപ്പാലിറ്റി | : | ആലപ്പുഴ |
| ബ്ലോക്ക് പഞ്ചായത്ത് | : | അമ്പലപ്പുഴ |
| ജില്ലാ പഞ്ചായത്ത് | : | ആലപ്പുഴ |
| നിയമസഭാ മണ്ഡലം | : | ആലപ്പുഴ |
| താലൂക്ക് | : | ആലപ്പുഴ |
| വില്ലേജ് | : | മുല്ലയ്ക്കൽ |
| വാർഡ് | | കിടങ്ങാംപറമ്പ് വാർഡ് XXIII |
| ഇ-മെയിൽ | : | gsdvjbs@gmail.com |

# STAFF DETAILS 2025 - 2026

1. രാജി. ജി. കമ്മത്ത് (ഹെഡ്മിസ്ട്രസ്സ്)
2. ബിജി. കെ. എസ്.
3. യേശുദാസ്. പി. ആർ.
4. ഹസീന. T
5. സ്വരാജ്. P. S.
6. രാജിമോൾ. M.
7. ഹബീബ. B
8. ഇന്ദു. P. S. (Pre primary Daily wages)

## അനധ്യാപക ജീവനക്കാർ

1. റോസ്‌ലി. V. M. (part time)
2. വിനസ്. M (Pre primary Aya)

## മികവിന്റെ കാഴ്ചപ്പാട്

- ❖ സ്കൂളിന്റെ ക്യാച്ച്മെന്റ് ഏരിയ പൂർണ്ണമായും മറ്റ് സാധ്യത പ്രദേശങ്ങളിലെ കുട്ടികളെ ഉൾപ്പെടുത്തി കൊണ്ട് എണ്ണത്തിൽ വർദ്ധനവ് വരുത്തുക.
- ❖ മികവിന്റെ വിലയിരുത്തൽ നടത്തുന്ന വേദികളിൽ വ്യക്തി മുദ്ര പതിപ്പിക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക.
- ❖ കുട്ടികളെ കലാകായിക പ്രവൃത്തി പരിചയ ജീവിത നൈപുണിയിൽ എത്തിക്കുക.
- ❖ കുട്ടികളുമായുള്ള വ്യക്തി ബന്ധം ശക്തിപ്പെടുത്തി ഹാജർനിലയിലും അക്കാദമിക നിലവാരത്തിലുമുള്ള നേട്ടം.
- ❖ വിലയിരുത്തൽ പ്രക്രിയയിൽ രക്ഷിതാവിനെ ഉൾപ്പെടുത്തി പരിഹാര ബോധനത്തിലൂടെ പഠന പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം.
- ❖ ജനകീയ സമിതികൾ വിളിച്ചു ചേർത്ത് പരിപാടികളുടെ ആസുത്രണം.
- ❖ ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ വിഷയാടിസ്ഥാനത്തിൽ ഏറ്റെടുക്കുന്നു, നടപ്പാക്കുന്നു, സമൂഹത്തെ ബോധ്യപ്പെടുത്തുന്നു.
- ❖ സ്കുളിന്റെ മികവുകൾ "സമഗ്രതയിലേയ്ക്ക്"
- ❖ കൃത്യവും സമഗ്രവും സുക്ഷ്മവുമായ നിരന്തര വിലയിരുത്തൽ
- ❖ സമയക്രമമനുസരിച്ചുള്ള മോണിറ്ററിംങ് (സ്കുൾ പ്രവർത്തനങ്ങൾക്ക്)
- ❖ സർഗ്ഗാത്മകത, നിരീക്ഷണപാടവം, വ്യതിരിക്തബുദ്ധി ഇവയെ വളർത്താൻ സഹായിക്കുന്ന തരത്തിൽ കലാ പ്രവർത്തനം
- ❖ പരന്ന വായനയിലൂടെ സാംസ്കാരിക മുന്നേറ്റം
- ❖ സ്വന്തം രചനകൾ അച്ചടിയിലേയ്ക്ക് ഓൺലൈനിലേയ്ക്ക്

- കുട്ടികളിൽ ആത്മവിശ്വാസം വളർത്തുക
- പ്രീ-സ്കൂൾ വിദ്യാഭ്യാസം ശാസ്ത്രീയമായ പുനരാവിഷ്ക്കാരം
- IT അധിഷ്ഠിത ലോകോത്തര നിലവാര ക്ലാസ്സ്റൂം
- പുനരുപയോഗ സാധ്യതകൾ പ്രയോജനപ്പെടുത്തുക
- കുട്ടികളുടെ പഠന മികവ് സമൂഹവുമായി പങ്കുവെയ്ക്കുക
- വൃത്തിയും വിഷരഹിതവും പോഷകസമൃദ്ധവുമായ ഉച്ചഭക്ഷണം
- പൊതു വിദ്യാലയങ്ങളിൽ നാടിന്റെ സമ്പത്താണെന്ന ബോധം ജനമനസ്സിൽ ഉണ്ടാക്കുക
- വിദ്യാലയ പ്രവർത്തനത്തിൽ പൊതു സമൂഹത്തിന്റെ ക്രിയാത്മക പങ്കാളിത്തം ഉറപ്പാക്കൽ
- പരിസ്ഥിതി സംരക്ഷണത്തിൽ വിദ്യാലയം സമൂഹത്തിന് മാതൃക

## ഭൗതികം

- ❖ വൈദ്യുതീകരിച്ച മികച്ച ക്ലാസ്സ് മുറികൾ
- ❖ എല്ലാ ക്ലാസുകൾക്കും ICT ഉപകരണങ്ങൾ
- ❖ മികച്ച കംപ്യൂട്ടർലാബ്.
- ❖ ശുദ്ധജല ലഭ്യത
- ❖ പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസ്.
- ❖ ഓപ്പൺ ഓഡിറ്റോറിയം
- ❖ പോഷക സമൃദ്ധമായ ഉച്ചഭക്ഷണം
- ❖ കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്ന ചുറ്റുമതിൽ

## അക്കാദമിക വെല്ലുവിളികൾ

- ❖ പൊതു വിദ്യാഭ്യാസ അവകാശങ്ങളെയും നേട്ടങ്ങളെയും പറ്റി രക്ഷിതാക്കളുടെ അജ്ഞത
- ❖ രക്ഷിതാവെന്ന നിലയിൽ കുട്ടിക്ക് നൽകേണ്ട പിന്തുണയെക്കുറിച്ച് ബോധ്യപ്പെടാത്ത രക്ഷിതാക്കൾ
- ❖ തുടർച്ചയായ ഹാജരില്ലായ്മ
- ❖ എല്ലാ ക്ലാസ്സുകളിലും ഭിന്ന നിലവാരത്തിലുള്ള (സാമൂഹികം, ബൗദ്ധികം) കുട്ടികൾ
- ❖ ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ ഉള്ള ആശയവിനിമയം പൂർണ്ണതയിലെത്തിക്കുവാനുള്ള ആത്മവിശ്വാസക്കുറവ്.
- ❖ ചില ഗണിതാശയങ്ങളെങ്കിലും പ്രയോഗിക തലത്തിൽ ഉപയോഗപ്പെടുത്തുമ്പോഴുള്ള ബുദ്ധിമുട്ട്

- ഭിന്ന ശേഷിക്കാർക്ക് പരിശീലനം നൽകേണ്ട അധ്യാപകരുടെ അഭാവം
- പൊതു വിദ്യാലയങ്ങൾ സമൂഹത്തിന്റെ പൊതു സ്വത്താണെന്നും അത് സംരക്ഷിക്കപ്പെടേണ്ടതാണെന്നും ഉള്ള ബോധം പ്രായോഗിക തലത്തിൽ എത്തിക്കുന്നതിനുള്ള പോരായ്മ
- പ്രഥമാധ്യാപികയുടെ ക്ലാസ്സ് ചാർജ്.
- ഹൈ-ടെക്- പ്രീപ്രൈമറി ക്ലാസ്സ് മുറികളുടെ അഭാവം
- ക്ലാസ്സ് പി.റ്റി.എ. കളിൽ രക്ഷിതാക്കളുടെ ഹാജർനില കുറവ്

## വെല്ലുവിളികൾ

### ഭൗതികം

- ശിശു സൗഹൃദ ക്ലാസ്സ് റൂം, ഇരിപ്പിടങ്ങളുടെയും ഉപകരണങ്ങളുടെയും അഭാവം
- ക്ലാസ്സ് ലൈബ്രറിക്കാവശ്യമായ ഭൗതിക സാഹചര്യത്തിന്റെ അഭാവം.
- ആധുനിക ലാബിന്റെ അപര്യാപ്തത
- ആധുനിക അടുക്കളയും സ്റ്റോർറൂമും
- ഇരിപ്പിടങ്ങളോടു കൂടിയ മെസ്സ് ഹാൾ, വാഷിങ്ങ് ഏരിയ
- സ്കൂൾ വാഹനത്തിന്റെ അഭാവം.
- നവീകരിച്ച അറ്റാച്ച്ഡ് ടോയ്ലറ്റുകൾ
- സാമൂഹ്യ വിരുദ്ധരുടെ കടന്നു കയറ്റം

## പദ്ധതി രൂപീകരണ പ്രക്രിയ

- SRG, HM, SRG കൺവീനർ, അധ്യാപകർ SMC ചെയർമാൻ, സ്കൂൾ വികസന സമിതി അംഗങ്ങൾ ഉൾപ്പെടെയുള്ളവർ ആലോചിച്ചു കൊണ്ട് കരട് മാസ്റ്റർ പ്ലാൻ തയ്യാറാക്കി.
- ഇതിന്റെ അടിസ്ഥാനത്തിൽ SRG കൺവീനർ, സഹ അധ്യാപകരുടെ സഹായത്തോടെ അക്കാദമിക വികസന പ്ലാൻ തയ്യാറാക്കി.
- സ്ക്കൂളിലെ അധ്യാപകരുടെയും SMC യുടേയും സാന്നിധ്യത്തിൽ SRG കൺവീനർ അവതരിപ്പിച്ചു. തുടർന്ന് തദ്ദേക സ്വയംഭരണ സ്ഥാപന പ്രതിനിധികൾ, SMC അംഗങ്ങൾ, പൂർവ്വ വിദ്യാർത്ഥികൾ വിദ്യാലയ വികസന സമിതി അംഗങ്ങൾ, അഭ്യുദയകാംക്ഷികളായ നാട്ടുകാർ എന്നിവർക്കു മുമ്പാകെ അവതരിപ്പിക്കുന്നു.

## വിഷയമേഖല

### ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ❖ ഇംഗ്ലീഷിൽ ആത്മ വിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിനുള്ള ശേഷി. കൈവരിക്കൽ | ❖ ഇംഗ്ലീഷ് അസംബ്ലി (അക്കാദമിക പ്രകടനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട്) | ആഴ്ചയിൽ ഒരു ദിവസം | |
| | ❖ ഇംഗ്ലീഷ് ദിനാചരണം | | |
| | ❖ പ്രത്യേക ഇംഗ്ലീഷ് ക്ലാസുകൾ (ഇംഗ്ലീഷ് കേൾക്കുന്നതിന്, സംസാരിക്കുന്നതിന്, വായിക്കുന്നതിന്, എഴുതുന്നതിന് ലക്ഷ്യമിട്ടുകൊണ്ട്) | ആഴ്ചയിൽ രണ്ടു ദിവസം | അദ്ധ്യാപകർ |
| | ❖ Story Telling | ദീർഘകാലം | |
| | ❖ English Class Library | ദീർഘകാലം | അദ്ധ്യാപകർ |
| | ❖ English Reader's Theatre | മദ്ധ്യകാലം | |
| | ❖ പതിപ്പുകൾ, മാഗസിൻ | മദ്ധ്യകാലം | |
| | ❖ English Fest | | |
| | ❖ അഭിമുഖങ്ങൾ | | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ❖ കുട്ടികളുടെ നിലവാരം പരിഗണിച്ചുകൊണ്ടുള്ള വായനാ സാമഗ്രികളുടെ ശേഖരങ്ങൾ, നിർമ്മാണം | ❖ 1 മുതൽ 5 വരെയുള്ള ക്ലാസുകളിൽ ഭാഷാ പഠനത്തിന്റെ ഭാഗമായി വായിക്കേണ്ട പുസ്തകങ്ങൾ, വായനാ സാമഗ്രികൾ എന്നിവയുടെ ലിസ്റ്റ് തയ്യാറാക്കൽ<br>❖ ലിസ്റ്റനുസരിച്ച പുസ്തകങ്ങൾ വാങ്ങൽ, ശേഖരിക്കൽ<br>❖ വായനാ കാർഡ് തയ്യാറാക്കൽ<br>❖ വായനമൂല മെച്ചപ്പെടുത്തൽ<br>❖ വായനാസാമഗ്രികളുടെ ശിൽപശാല | ഹ്രസ്വകാലം<br>മദ്ധ്യകാലം<br>മദ്ധ്യകാലം | SRG & SSG<br>SRG<br>കുട്ടികൾ,<br>രക്ഷിതാക്കൾ<br>അദ്ധ്യാപകർ<br>PTA, SSG |
| ❖ പ്രാദേശിക വിഭവങ്ങളെ സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ ഉപയോഗപ്പെടുത്തുക | ❖ സർഗ്ഗചുവർ– കുട്ടികൾ രൂപപ്പെടുത്തുന്ന സർഗ്ഗാത്മക സൃഷ്ടികൾ പ്രദർശിപ്പിക്കുന്നു. പ്രദർശിപ്പിച്ച രചനകളുടെ അഭിപ്രായങ്ങൾ രക്ഷിതാക്കൾ രേഖപ്പെടുത്തുന്നു. നല്ല അഭിപ്രായങ്ങൾ പ്രദർശിപ്പിക്കുന്നു | ദീർഘകാലം | SRG & SSG |
| | | | |

# വിഷയമേഖല

## ഭാഷ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല സ്രോതസ് |
|---|---|---|---|
| ❖ മാതൃഭാഷാ നിലവാരം ഉയർത്തൽ | ❖ ക്ലാസ്റൂം രചനാ പ്രവർത്തനങ്ങളിൽ മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നു | ഹ്രസ്വകാലം | അദ്ധ്യാപകർ |
| | ❖ യൂണിറ്റിലെ സർഗ്ഗാത്മക രചനാ പ്രവർത്തനങ്ങൾ ലിസ്റ്റ് ചെയ്ത് ക്ലാസ് മുറിയിൽ പ്രയോഗിക്കുന്നു | മദ്ധ്യകാലം | അദ്ധ്യാപകർ |
| | ❖ രചനകൾ പതിപ്പുകളാക്കി അദ്ധ്യാപകർ പരസ്പരം കൈമാറി വായിക്കൽ, SMC അംഗങ്ങൾക്കും വായനക്ക് അവസരം നൽകുന്നു. രചനാപരമായ മികവുകൾ, പോരായ്മകൾ ചർച്ച ചെയ്ത് പരിഹരിക്കുന്നു | ദീർഘകാലം | SSG & SMC |
| ❖ സർഗാത്മക രചനയ്ക്ക് അവസരം ഒരുക്കി രൂപപ്പെടുന്ന സൃഷ്ടികൾ പൊതു സമൂഹവുമായി പങ്കുവയ്ക്കൽ | ❖ ക്ലാസ് മുറിയിൽ രൂപപ്പെടുന്ന പ്രകടിത രൂപങ്ങൾ സർഗ്ഗവേളകളിൽ അവതരിപ്പിക്കൽ, ചർച്ചയുടെ അടിസ്ഥാനത്തിൽ ആവശ്യമുള്ള മാറ്റങ്ങൾ വരുത്താൻ അവസരം നൽകൽ | ദീർഘകാലം | കുട്ടികൾ<br>SMC<br>ക്ലാസ്<br>അദ്ധ്യാപകർ |

# വിഷയമേഖല

## ഹിന്ദി

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ❖ എല്ലാകുട്ടികൾക്കും ഹിന്ദിഭാഷയെ അനായാസം കൈകാര്യം ചെയ്യുന്നതിനുള്ള ശേഷി വികസിപ്പിച്ചെടുക്കൽ | ❖ അസംബ്ലി<br>❖ ഡയറി<br>❖ ഹിന്ദി തീയേറ്റർ<br>❖ രചനാ ശിൽപ്പശാല<br>❖ അധിക പ്രവർത്തനങ്ങൾ (വർക്ക് ഷീറ്റ്) | ആഴ്ചയിൽ<br><br>ദീർഘകാലം<br>ദീർഘകാലം<br>ദീർഘകാലം | <br><br>അദ്ധ്യാപകർ<br>SRG & SMC<br>PTA |
| ❖ ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തി ശാസ്ത്രമനോഭാവവും വികസിപ്പിക്കൽ | ❖ ആവാസ പരിസര സാദ്ധ്യതകളെ ശാസ്ത്രീയമായി നിരീക്ഷിക്കുകയും പരീക്ഷണങ്ങൾ നടത്തുകയും നിഗമനത്തിലെത്തുകയും ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ | | അദ്ധ്യാപകർ |
| ❖ ശാസ്ത്രപ്രക്രിയ ശേഷികൾ വികസിപ്പിക്കുക | ❖ ശാസ്ത്ര മൂലകൾ, സയൻസ് ലാബ് തയ്യാറാക്കൽ ശാസ്ത്രോപകരണ നിർമ്മാണം<br>❖ ശാസ്ത്ര മൂല – സയൻസ് ലാബ് വേണ്ട വസ്തുക്കൾ ഇനം തിരിക്കുന്നു, ലിസ്റ്റ് ചെയ്യുന്നു<br>❖ ചുറ്റുപാടിൽനിന്ന് ശേഖരിക്കാവുന്നവ ലിസ്റ്റ് ചെയ്യുന്നു<br>❖ സ്വന്തമായി പരീക്ഷണങ്ങൾ ചെയ്യുകയും ഫലം രേഖപ്പെടുത്തു കയും ഫലത്തെ വിശകലനംചെയ്യാനുള്ള അവസരംകൊടുക്കുന്നു | ദീർഘകാലം | ശാസ്ത്ര അദ്ധ്യാപകർ |

# വിഷയമേഖല

## സയൻസ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ❖ ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തി ശാസ്ത്രമനോഭാവവും വികസിപ്പിക്കൽ | ❖ ആവാസ പരിസര സാദ്ധ്യതകളെ ശാസ്ത്രീയമായി നിരീക്ഷിക്കുകയും പരീക്ഷണങ്ങൾ നടത്തുകയും നിഗമനത്തിലെത്തുകയും ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ | | അദ്ധ്യാപകർ |
| ❖ ശാസ്ത്രപ്രക്രിയ ശേഷികൾ വികസിപ്പിക്കുക | ❖ ശാസ്ത്ര മൂലകൾ, സയൻസ് ലാബ് തയ്യാറാക്കൽ ശാസ്ത്രോപകരണ നിർമ്മാണം<br>❖ ശാസ്ത്ര മൂല – സയൻസ് ലാബ് വേണ്ട വസ്തുക്കൾ ഇനം തിരിക്കുന്നു, ലിസ്റ്റ് ചെയ്യുന്നു<br>❖ ചുറ്റുപാടിൽനിന്ന് ശേഖരിക്കാവുന്നവ ലിസ്റ്റ് ചെയ്യുന്നു<br>❖ സ്വന്തമായി പരീക്ഷണങ്ങൾ ചെയ്യുകയും ഫലം രേഖപ്പെടുത്തു കയും ഫലത്തെ വിശകലനംചെയ്യാനുള്ള അവസരംകൊടുക്കുന്നു | ദീർഘകാലം | ശാസ്ത്ര അദ്ധ്യാപകർ<br>ശാസ്ത്ര അദ്ധ്യാപകർ |

# വിഷയമേഖല

## ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ❖ അടിസ്ഥാന ഗണിതക്രികൾ കുട്ടികളിൽ ഉറപ്പാക്കുക | ❖ ഗണിതാശയങ്ങളെ നിത്യജീവിതവുമായി ബന്ധപ്പെടുത്തി കൊണ്ടുള്ള പ്രശ്നാപഗ്രഥന പ്രവർത്തനങ്ങൾ<br>❖ ഗണിതകഥ, പാട്ട്<br>❖ ഗണിത രൂപങ്ങൾ തിരിച്ചറിഞ്ഞുള്ള നിർമ്മാണ പ്രവർത്തനങ്ങൾ<br>❖ വിവര സാങ്കേതിക വിദ്യയെ ഗണിതവുമായി ബന്ധിപ്പിക്കൽ<br>❖ വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു | ദീർഘകാലം | SMC, അദ്ധ്യാപകർ |
| ❖ ഒറിഗാമി ശിൽപശാല രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലനശേഷി വികാസവും | ❖ ഗണിതസവിശേഷതകൾ പട്ടികപ്പെടുത്തുന്നു. പ്രദർശിപ്പിക്കുന്നു<br>❖ ഗണിതലാബ് തയ്യാറാക്കൽ<br>❖ ഗണിത പാർക്ക്<br>❖ ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകിയുള്ള പാർക്ക് വിദ്യാലയ മുറ്റത്ത് | ദീർഘകാലം | SMC, |

# വിഷയമേഖല

## C.W.S.N.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ❖ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളോടൊപ്പം അവസരവും പരിഗണനയും ഉറപ്പാക്കുക | ❖ പ്രവർത്തന പദ്ധതികൾ തയ്യാറാക്കുമ്പോൾ ഭിന്നശേഷിക്കായുള്ള അനുരൂപീകരണ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പഠനം<br>❖ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുന്നതിനു വേണ്ടിയുള്ള പ്രവർത്തനം<br>❖ പഠനോത്സവം സംഘടിപ്പിക്കുക<br>❖ പ്രത്യേക പരിശീലനം നേടിയ റിസോഴ്സ് ടീച്ചറിന്റെ സേവനം ഉറപ്പാക്കുക<br>❖ അനുരൂപികരിച്ച TLM | ദീർഘകാലം | |

## വിഷയമേഖല

## കലാപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ❖ കുട്ടികളുടെ കലാപരമായകഴിവുകൾ കണ്ടെത്തി വികസിപ്പിക്കുന്നതിനും സർഗ്ഗാത്മക രചനാ സന്ദർഭങ്ങൾ സൃഷ്ടിക്കുന്നതിനും | ❖ കലാ സാംസ്ക്കാരിക അനുഭവങ്ങൾ ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br>❖ ക്ലാസ്തല സാഹിത്യ സമാജം<br>❖ സ്കൂൾ പ്രവേശന സമയത്ത് കുട്ടിക്ക് താൽപര്യമേഖല തിരിച്ചറിയുക,തുടർന്ന് അതിനാവശ്യമായ പരിശീലനം നൽകുക<br>❖ സ്ക്കൂൾ റേഡിയോ<br>❖ സ്ക്കൂൾ നാടകവേദി<br>❖ പാവ നാടകം<br>❖ സ്ക്രിപ്റ്റ് തയ്യാറാക്കി അവതരിപ്പിക്കൽ<br>❖ സ്ക്കൂൾ മാഗസിൻ<br>❖ ആർട്ട് ഗ്യാലറി | ദീർഘകാലം | കായിക അദ്ധ്യാപകൻ<br>കലാദ്ധ്യാപകർ<br>പൂർവ്വ വിദ്യാർത്ഥികൾ |

## വിഷയമേഖല

## സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ❖ സാമൂഹിക പ്രശ്നങ്ങളിൽ വിമർശനാത്മകമായി സമീപിക്കാനും ക്രിയാത്മകമായി ഇടപെട്ട് പ്രശ്ന പരിഹരണത്തിനുള്ള അവസരം ഒരുക്കൽ | ❖ ഓരോ പ്രായത്തിനും അനുഗുണമായി കരിക്കുലം മുന്നോട്ട് വച്ച പഠന വസ്തുതകൾ കുട്ടികൾ സ്വായത്തമാക്കാനുള്ള പ്രവർത്തനങ്ങൾ<br>❖ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങൾ<br>❖ പതിപ്പുകൾ<br>❖ ചുവർ പത്രികകൾ<br>❖ ചർച്ചകൾ<br>❖ സ്റ്റാമ്പ്, നാണയം ഇവയുടെ ശേഖരണത്തിലൂടെ ചരിത്രവസ്തുക്കളെ തിരിച്ചറിയുന്നു<br>❖ പഠനയാത്രകൾ<br>❖ ജനപ്രതിനിധികളുമായി സംവാദം<br>❖ മാസികകൾ, വിവര ശേഖരണം | ദീർഘകാലം<br>ദീർഘകാലം | അദ്ധ്യാപകർ<br>മുൻസിപ്പാലിറ്റി<br>അദ്ധ്യാപകർ |
| ❖ നാടിന്റെ ചരിത്രം സംസ്ക്കാരിക പൈതൃകം എന്നിവ വരും തലമുറയ്ക്ക് കൈകാര്യം ചെയ്യേണ്ട താണെന്നുള്ള ബോധം സൃഷ്ടിക്കുക | ❖ പ്രാദേശിക ചിത്രരചന<br>❖ സാമൂഹ്യ ശാസ്ത്ര മാസികകൾ<br>❖ സ്കൂൾ മ്യൂസിയം<br>❖ ചരിത്ര പ്രദർശനം | | അദ്ധ്യാപകർ |

# വിഷയമേഖല


## ഭൗതികം

| ആവശ്യങ്ങൾ | ഏജൻസി |
|---|---|
| ❖ മൾട്ടീമീഡിയ സൗകര്യമുള്ള ക്ലാസ് മുറികൾ (LCD പ്രോജക്ടർ, Interactive Board, WIFI സൗകര്യം Etc) | MLA, MP, മുനിസിപ്പാലിറ്റി |
| ❖ നവീകരിച്ച സ്കൂൾ ലൈബ്രറി | SSA,മുനിസിപ്പാലിറ്റി, MLA |
| ❖ അനുയോജ്യവും ആകർഷകവുമായ ഭൗതിക സൗകര്യം, സുരക്ഷിതത്വം സുന്ദരം, ശുചിത്വം,അനുരൂപീകരിക്കാനാവുന്നതും ഭാവിയിലെ വികസനത്തെ തടയാത്തതുമായ ഭൗതിക സൗകര്യം, പ്രകൃതിസൗഹൃദം | MLA, MP, മുനിസിപ്പാലിറ്റി |
| ❖ ആകർഷകമായ പ്രവേശന കവാടം | |
| ❖ ആകർഷകമായ ചുറ്റുമതിൽ | |
| ❖ പൂന്തോട്ടം, ശലഭോദ്യാനം, കുട്ടികളുടെ പാർക്ക് | MLA, MP |
| ❖ സ്കൂൾ വാഹന സൗകര്യം | |
| പ്രവർത്തനങ്ങൾ | ചുമതല |
| ❖ പ്രവർത്തനാധിഷ്ഠിത പഠനത്തിന് അനുയോജ്യമായ ക്ലാസ്റൂം ഉപകരണങ്ങൾ | |
| ❖ ഓരോ കുട്ടിക്കും ഓരോ ലാപ്ടോപ്പ് ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ വൈദ്യുതി പോയിന്റുകൾ | |
| ❖ ക്ലാസ്റൂം ലൈബ്രറി | |


| | | |
|---|---|---|
| ❖ വിവിധോദ്ദേശ്യ ഹാളുകൾ<br>❖ മടക്കി ഒതുക്കി വെയ്ക്കാവുന്ന സ്റ്റേജ്, അനുബന്ധ ഉപകരണങ്ങൾ<br>❖ ശബ്ദവും വെളിച്ചവും കാറ്റും കിട്ടുന്ന ഹാളുകൾ<br>❖ ഹൈടെക്ക് സംവിധാനങ്ങൾ<br>❖ ജൈവവൈവിദ്ധ്യ പാർക്ക്<br>❖ പോഷകാഹാര വിതരണത്തിനുള്ള ഊട്ടുപുര, ഹൈടെക്ക് സംവിധാനമുള്ള വൃത്തിയുള്ള അടുക്കള, ഒരേ സമയം എല്ലാവർക്കും ഭക്ഷണംകഴിക്കാനുള്ള സൗകര്യം<br>❖ ആധുനിക സൗകര്യമുള്ള സ്റ്റോർമുറി<br>❖ ബയോഗ്യാസ് പ്ലാന്റ്<br>❖ ഭാഷാഗണിത, ശാസ്ത്ര, സാമൂഹ്യ ശാസ്ത്ര ലാബുകൾ<br>❖ സർഗ്ഗാത്മകാവിഷ്ക്കാരത്തിനും കലാപരിശീനലത്തിനുമുള്ള പ്രത്യേക ഇടം | മുനിസിപ്പാലിറ്റി | |

# നിലവിലുള്ള കമ്മറ്റികൾ

- എസ്. ആർ ജി.
- സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി
- വിദ്യാലയ വികസന സമിതി
- മാതൃസംഗമം
- പൂർവ്വ വിദ്യാർത്ഥി സംഘടന




FIRST FLOOR LINE SKETCH




GROUND FLOOR LINE SKETCH

NO: 3181/17


GOVT SDVJBS സ്ഥിതിചെയ്യുന്ന വസ്തുവിന്റെ

# LOCATION SKETCH

VILLAGE: മുല്ലയ്ക്കൽ

DATE: 18/12/2017

ജില്ല ......ആലപ്പുഴ......
താലൂക്ക് ......അമ്പലപ്പുഴ......
വില്ലേജ് ......മുല്ലയ്ക്കൽ......
ബ്ലോക്ക് ......022......
സർവ്വേ നം ......41......
വിസ്തീർണ്ണം ......28.36 സെന്റ് പുരയിടം......




വടക്ക് ......അമ്പലപ്പുഴ......
തെക്ക് ......റോഡ്......
കിഴക്ക് ......
പടിഞ്ഞാറ് ......റോഡ്......

To be preserved before ......Education Department......

Village Officer I/c
VILLAGE OFFICER
MULLACKAL

## ഉപസംഹാരം

ഗുണമേൻമാ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും ഓരോ കുട്ടിയേയും പ്രായഘട്ടത്തിനനുസൃതമായി ഏറ്റവും ഉയർന്ന തലത്തിലേയ്ക്ക് എത്തിക്കുന്നതിനും, അക്കാദമികമായും ഇക്കാര്യങ്ങൾ ഉറപ്പാക്കാൻ എന്തൊക്കെ ചെയ്യണമെന്നും കൃത്യമായി ആസൂത്രണം ചെയ്ത ഒരു രേഖയുടെ കരട് മാത്രമാണിത്. ഇത് ഒരു അന്തിമ രേഖയല്ല. കാലാനുസൃതമായി ഉയർന്നു വരുന്ന അക്കാദമിക ആവശ്യകതയുടെ അടിസ്ഥാനത്തിൽ നവീകരിക്കപ്പെടുന്നതും ശാസ്ത്രീയമാക്കപ്പെടേണ്ടതുമാണ്. ഈ സമഗ്ര വിദ്യാലയ വികസന പദ്ധതിരേഖ-2018 സ്കൂളിന്റെ എല്ലാ അഭ്യുദയകാംക്ഷികളുടെ അറിവിലേയ്ക്കും പരിഗണനയ്ക്കുമായും സമർപ്പിക്കുന്നു.